വനദീപ്തി പദ്ധതി

292 (2167) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതിയുമായി ബന്ധപ്പെട്ട്, സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) എത്ര തുക ഈ പദ്ധതിക്കായി നാളിതുവരെ വകയിരുത്തിയിട്ടുണ്ടെന്നും ആയവ ഏതെല്ലാം ഇനത്തിലാണ് ചെലവിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) വനമേഖലയ്ക്ക് പുറത്ത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) വനദീപ്തി പദ്ധതി പ്രകാരം കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടർ സ്ഥലത്തും, തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള ഇളംബ്രക്കോട് എന്ന സ്ഥലത്ത് 20 ഹെക്ടർ സ്ഥലത്തും സ്വാഭാവിക വനവൽക്കരണ പദ്ധതി (വനദീപ്തി പദ്ധതി) നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 126.65 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും, നഴ്സറി ഉൽപ്പാദനം, തൈനടീൽ, മണ്ണ്-ജലസംരക്ഷണം, വേലി നിർമ്മാണം, കള നിർമ്മാർജ്ജനം, സംരക്ഷണ പ്രവർത്തനം എന്നിവയ്ക്കായി 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിനുള്ളിൽ 86.70 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) വനമേഖലയ്ക്ക് പുറത്ത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

വനദീപ്തി പദ്ധതി

293 (2168) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം വൃക്ഷത്തൈകളുടെ സംരക്ഷണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly